**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 384** **09-08-2021 - ല്‍ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം മിഷന്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എന്‍.ഷംസീര്‍,<br>ശ്രീ. ആന്റണി ജോണ്‍,<br>ശ്രീമതി ദെലീമ,<br>ശ്രീ. എ. പ്രഭാകരന്‍ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷന്‍ നടപ്പാക്കുന്ന പാക്കേജുകള്‍ എന്തൊക്കെയാണ്; | (എ) | പ്രാദേശികമായി വിനോദസഞ്ചാര പ്രവര്‍ത്തനങ്ങള്‍ ആരംഭിക്കുകയും വളര്‍ത്തിയെടുക്കുകയും ചെയ്യുക, ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക, ഉത്തരവാദിത്ത ടൂറിസം ആശയങ്ങള്‍ പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഉത്തരവാദിത്ത ടൂറിസം മിഷന്‍ നടപ്പിലാക്കുന്ന പ്രവര്‍ത്തനങ്ങള്‍ താഴെ കൊടുത്തിരിക്കുന്നു. ചെറുതും വലുതുമായ ഉത്തരവാദിത്ത ടൂറിസം അവബോധ ശില്പശാലകള്‍, പരിശീലനങ്ങള്‍, യൂണിറ്റ് രൂപീകരണം, അവയുടെ ഓണ്‍ലൈന്‍ രജിസ്ട്രേഷന്‍, ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തല്‍, വിവിധ എക്സ്പീരിയന്‍സ് ടൂര്‍ പാക്കേജുകളുടെ രൂപീകരണം, അവയുടെ മാര്‍ക്കറ്റിംഗും പ്രൊമോഷനും സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയില്‍ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിള്‍സ് പാര്‍ട്ടിസിപ്പേഷന്‍ ഫോര്‍ പാര്‍ട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവര്‍മെന്റ് ത്രൂ റെസ്പോണ്‍സിബിള്‍ ടൂറിസം' (പെപ്പര്‍), മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതികള്‍. കേരളത്തിന്റെ തനത് വിഭവങ്ങള്‍ സഞ്ചാരികള്‍ക്ക് പരിചയപ്പെടുത്തുന്നതി നോടൊപ്പം തന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന എക്സ്പീരിയന്‍സ് എത്തിക്/ലോക്കല്‍ ക്യുസീന്‍ നെറ്റ്‌വര്‍ക്ക് പദ്ധതി. ഗ്രാമീണ ടൂറിസം മേഖലക്കു പ്രാധാന്യം നല്‍കികൊണ്ടുള്ള വിവിധ എക്സ്പീരിയന്‍ഷ്യല്‍ ടൂറിസം പാക്കേജുകള്‍ |
| (ബി) | ആര്‍.ടി. മിഷന് കീഴില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ള യൂണിറ്റുകളുടെ ശൃംഖല രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷനില്‍ രജിസ്റ്റര്‍ ചെയ്തിരിക്കുന്ന യൂണിറ്റുകളെ വിവിധ വിഭാഗങ്ങളായി തിരിച്ച് നാല് ഓണ്‍ലൈന്‍ പ്ലാറ്റ്ഫോമുകളിലായി - |

| | | | |
|---|---|---|---|
| | | | കേരള ആർ.ടി. നെറ്റ്‌വർക്ക്, ആർ.ടി. ആർട്ടിസ്റ്റ് നെറ്റ്‌വർക്ക്, ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് എന്നീ നെറ്റ്‌വർക്കുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | വിനോദസഞ്ചാര വികസനത്തിന്റെ സാമ്പത്തികഫലം ലഘുനിക്ഷേപത്തിന് മാത്രം കഴിവുള്ള പാവപ്പെട്ടവരിലേക്ക് വിശേഷിച്ചും സ്ത്രീകളിലേക്ക് എത്തിക്കുന്നതിന് ആർ.ടി. മിഷന് സാധിക്കുന്നുണ്ടോ; ഇതിനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | ടൂറിസം മേഖലയിൽ പ്രാദേശിക ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക ജനസമൂഹത്തിന് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കി വരുന്നത്. നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട്, ഏറ്റവും കുറഞ്ഞ മുതൽ മുടക്കിൽ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പരിശീലനം നൽകുന്നത്. നിലവിലെ തൊഴിലും വരുമാനവും നിലനിർത്തിക്കൊണ്ട് തന്നെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ അധിക വരുമാനം ലഭ്യമാക്കുക അതിലൂടെ നമ്മുടെ കല, സംസ്കാരം, പാരമ്പര്യ തൊഴിലുകൾ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, പ്രാദേശിക ഭക്ഷണം സഞ്ചാരികൾക്ക് ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ ചെയ്തു വരുന്നത്. സംസ്ഥാനത്ത് ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' (പെപ്പർ), മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ, കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതി നോടൊപ്പം തന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചു വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന എക്സ്പീരിയൻസ് എത്തിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആകെയുള്ള 20019 യൂണിറ്റുകളിൽ 16013 (80%) എണ്ണം വനിതകളുടെ ഉടമസ്ഥതയിൽ ഉള്ളതോ വനിതകൾ നയിക്കുന്നതോ ആയ യൂണിറ്റുകളാണ്. |

സെക്ഷൻ ഓഫീസർ